**പതിനാലാം കേരളനിയമസഭ**

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.801 — 09.08.2017 ന് മറുപടിയ്ക്ക്.

**വനം വകുപ്പിന്റെ അധീനതയിലുള്ള സ്ഥലങ്ങളിൽ വിനോദസഞ്ചാര പദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.സ്വരാജ് | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ വനം വകുപ്പിന്റെ അധീനതയിലുള്ളതും വിനോദ സഞ്ചാരത്തിന് ഒട്ടേറെ സാധ്യതകളുള്ളതുമായ സ്ഥലങ്ങൾ കണ്ടെത്തുന്നതിനും പരിസ്ഥിതി സൗഹാർദ്ദമായ വിനോദസഞ്ചാര പദ്ധതികൾ ആവിഷ്കരിക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ; | (എ) സംസ്ഥാന വനം വകുപ്പിന്റെ അധീനതയിലുള്ളതും കാലങ്ങളായി സന്ദർശകർ എത്തുന്നതുമായ സ്ഥലങ്ങളുടെ വിനോദ സഞ്ചാര സാദ്ധ്യത കണ്ടറിഞ്ഞ് സംസ്ഥാനത്ത് 29 വനം ഡിവിഷനുകളുടെ കീഴിലുള്ള 60 കേന്ദ്രങ്ങളിൽ പ്രാദേശിക ജനപങ്കാളിത്തത്തോടെയുള്ള ഇക്കോ ടൂറിസം പരിപാടികൾ നടപ്പാക്കി വരുന്നു. |
| (ബി) ഉണ്ടെങ്കിൽ പ്രസ്തുത നടപടികൾ വിശദമാക്കാമോ; | (ബി) വനമേഖലയിൽ പ്രകൃതിരമണീയ സ്ഥലങ്ങളായ പുഴകൾ, പുൽമേടുകൾ, വെള്ളച്ചാട്ടങ്ങൾ തുടങ്ങി സന്ദർശകർ പരമ്പരാഗതമായി എത്തുന്ന മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ വനാശ്രിത സമൂഹങ്ങളുടെ കൂട്ടായ്മയായ വനസംരക്ഷണ സമിതികൾ/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ മുഖേന പരിപാടികൾ ആസൂത്രണം ചെയ്യുകയും, സമിതികളുടെ നേതൃത്വത്തിൽ തന്നെ പദ്ധതി നിർവ്വഹണം നടപ്പാക്കുകയും ചെയ്യുന്നു. |
| (സി) ഇതിലൂടെ വിനോദസഞ്ചാരമേഖല വിപുലമാക്കുന്നതിനും ഇത്തരം പ്രദേശങ്ങളുമായി ബന്ധപ്പെട്ട് ജീവിക്കുന്ന ആദിവാസി വിഭാഗങ്ങൾക്ക് ഇത്തരം പദ്ധതികളിൽ തൊഴിൽ നൽകുന്നതിനും തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ? | (സി) വനാശ്രിത സമൂഹത്തിലെ യുവതീ-യുവാക്കൾക്ക് സന്ദർശക നിയന്ത്രണം, സുരക്ഷിതത്വം, വന വിജ്ഞാനം, പ്രഥമ ശുശ്രൂഷ തുടങ്ങിയ വിഷയങ്ങളിൽ പരിശീലനം നൽകി ഗൈഡുമാരായി നിയോഗിച്ച് അവർക്ക് വരുമാനം ഉണ്ടാകുന്ന വിധത്തിലാണ് പദ്ധതി നടപ്പാക്കുന്നത്. ഏകദേശം 600-ഓളം പേർ ഗൈഡുകളായി പ്രവർത്തിച്ചു വരുന്നുണ്ട്. നിലവിൽ 100 പേർക്ക് കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രാവൽ & ടൂറിസം സ്റ്റഡീസ് (KITTS) വഴി പരിശീലനം നൽകിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 100 പേർക്കു കൂടി പരിശീലനം നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ